പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2090 — 18. 03. 2015 ൽ മറുപടിക്ക്

## കാർഷിക വൈദ്യുതി ഉപയോഗം വ്യാവസായിക താരീഫിലേക്ക് മാറ്റിയ കെ.എസ്.ഇ.ബി ഉത്തരവ്

ചോദ്യം — ഉത്തരം

ശ്രീ.എ.കെ.ബാലൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ഉപയോഗം വ്യാവസായിക താരിഫിലേക്ക് മാറ്റി കെ.എസ്.ഇ.ബി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) 14.08.2014 ലെ ഉത്തരവു പ്രകാരം, സംസ്ഥാനത്ത് കൃഷി ചെയ്യപ്പെടുന്ന നാണ്യവിളകളുടെ LT കണക്ഷനുള്ള വൈദ്യുതി നിരക്ക് വ്യാവസായിക നിരക്കിലേക്ക് മാറ്റിയിട്ടുണ്ട്. വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് സംബന്ധിച്ചിട്ടുള്ള വിജ്ഞാപനം, ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്നു. |
| (ബി) വ്യാവസായിക താരിഫിലേക്ക് മാറ്റുന്നതിനു മുമ്പുള്ള കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക് എപ്രകാരമായിരുന്നുവെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) വ്യാവസായിക താരിഫിലേക്ക് മാറ്റുന്നതിന് മുമ്പ്, ടി ഉപഭോക്താക്കളുടെ താരിഫ് (ലോ ടെൻഷനിൽ) LT V(A) ആയിരുന്നു. എന്നാൽ ഹൈ ടെൻഷൻ വിഭാഗത്തിൽ നാണ്യവിളകളുടെ തോട്ടങ്ങളുടെ താരിഫ് ടി താരിഫ് ഉത്തരവിന് മുൻപും HT I(A) Industrial (വ്യാവസായിക താരിഫ്) ആയിരുന്നു. ഹൈ ടെൻഷൻ വിഭാഗത്തിലെ, നാണ്യവിളകളുടെ താരിഫ്, ഇപ്പോഴും 'വ്യാവസായികം' (HT I (A) Industrial) തന്നെയാണ്. വ്യാവസായിക താരിഫിലേക്ക് മാറ്റുന്നതിനു മുമ്പുള്ള LT വിഭാഗം നാണ്യവിളകൾ കൃഷി ചെയ്യുന്ന ഉപഭോക്താക്കളുടെ താരിഫ് |

<table>
<tr>
<td></td>
<td>(കാർഷികം) പട്ടിക-1 ൽ കൊടുത്തിരിക്കുന്നു.<br><br><u>പട്ടിക-1 എൽ.റ്റി. വിഭാഗം</u>
<table>
<tr><th>ചാർജ്ജ്</th><th>നിരക്ക്</th></tr>
<tr><td>ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട് /മാസം)</td><td>6</td></tr>
<tr><td>എനർജി ചാർജ്ജ് (പൈസ/യൂണിറ്റ്)</td><td>200</td></tr>
</table>
</td>
</tr>
<tr>
<td>(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;</td>
<td>(സി) 2 പ്രാവശ്യം, അതായത് 01.07.2012 മുതലും 16.08.2014 മുതലും, കാർഷികാവശ്യത്തിനുള്ള വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി കൊടുത്തിരിക്കുന്നു. എന്നാൽ 01.07.2012 മുതൽ, ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും, ഗവൺമെന്റ് ഉത്തരവു പ്രകാരം 85 പൈസാ നിരക്കിൽ, സബ്സിഡി നൽകി വരുന്നു.</td>
</tr>
<tr>
<td>(ഡി) കാർഷിക ആവശ്യത്തിനുള്ള വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക് അടയ്ക്കാത്തതിന്റെ പേരിൽ എത്ര കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?</td>
<td>(ഡി) കാർഷികാവശ്യത്തിനുള്ള വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക് അടയ്ക്കാത്തതിന്റെ പേരിൽ കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

**എൽ ടി V (എ) - കാർഷികം**

ധാന്യങ്ങൾ, പച്ചക്കറികൾ,പയർ വർഗ്ഗങ്ങൾ,പഴങ്ങൾ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ ,ഡീവട്ടറിങ്ങ് എന്നിവ.

| ഇനം | 2002 ഒക്ടോബർ മുതൽ 2012 ജൂൺ വരെ | 2012 ജൂലൈ മുതൽ 2013 ഏപ്രിൽ വരെ | വർദ്ധനവ് (തുകയിൽ) | 2013 മെയ് മുതൽ 2014ആഗസ്റ്റ് 15 വരെ | വർദ്ധനവ് (തുകയിൽ) | 2014 ആഗസ്റ്റ് 16 മുതൽ പുതുക്കിയ നിരക്ക് | വർദ്ധനവ് (തുകയിൽ) |
|---|---|---|---|---|---|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | 6 | 6 | 0 | 6 | 0 | 8 | 2 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 0.65 | 1.5 | 0.85 | 1.5 | 0 | 2.00 | 0.5 |

ഗവൺമെൻറ് സബ്സിഡി നൽകി, 25.07.2012 മുതൽ ഉള്ള താരിഫ് വർദ്ധനവിൽ നിന്നും എൽ ടി V (എ) കാർഷിക ഉപഭോക്താക്കളെ ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈ[illegible]യിൽ ലഭ്യമാണ്